ഉത്തരം

(എ) ഇപ്രകാരം ഒരു പദ്ധതി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

(ഡി) അനുകൂലമായ തീരുമാനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

**തൃശ്ശൂർ ജില്ലയിൽ ഡി.ടി.പി.സി. നടപ്പിലാക്കിവരുന്ന പദ്ധതികൾ**

**60 (1748)** ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ഡി.ടി.പി.സി. നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ;

(ബി) 2001-02, 2002-03 വർഷങ്ങളിൽ ജില്ലയിലെ ടൂറിസം വികസന പദ്ധതികൾക്കായി ഡി.ടി.പി.സി.ക്ക് സർക്കാർ നൽകിയ സഹായം എത്ര ; പ്രസ്തുത സഹായം ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര സഹായത്തോടെ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ അതിനായി ലഭിച്ച സഹായം എത്ര ;

(ഡി) കനോലി കനാലിൽ തൃപ്രയാറിൽ ആരംഭിക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച സംഖ്യ എത്ര ;

(എഫ്) ഈ പദ്ധതികൾക്കായി ഹൗസ്ബോട്ട് നൽകിയിട്ടുണ്ടോ ; ഇതിന്റെ ചെലവെത്ര ;

(ജി) ചേർപ്പ് പെരുവനം കൊട്ടാരം (തിരുവിതാംകൂർ ദേവസ്വം) ഹെറിറ്റേജ് ടൂറിസ്റ്റ് സെന്ററായി ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കാമോ ;

(എച്ച്) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തൃശ്ശൂർ ജില്ലയിൽ കേന്ദ്രഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ; ഇതിന്റെ കൺസൾട്ടന്റായി ആരെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ)

1. കനോലി കനാലിൽ തൃപ്രയാർ പദ്ധതി.
2. ആതിരപ്പള്ളിയിൽ കുളിക്കടവ്, വസ്ത്രം മാറുന്നതിന് മുറികൾ, നടപ്പാത എന്നിവയുടെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly

3. വിലങ്ങൻകുന്നിൽ സന്ദർശന ഗ്യാലറിയുടെ നിർമ്മാണം.

4. ടൂറിസം ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനവും.

(ബി) 2001-2002

| | |
|---|---|
| 1. ടൂറിസം അവയർനസ്സ് | - 1.20 ലക്ഷം രൂപ |
| 2. വേൾഡ് ടൂറിസം ഡേ | - 0.25 ലക്ഷം രൂപ |
| 3. പേ & യൂസ് ടോയിലറ്റ് | - 5 ലക്ഷം രൂപ |

2002-2003

| | |
|---|---|
| 1. ആതിരപ്പള്ളി പദ്ധതി | - 10 ലക്ഷം രൂപ |
| 2. കനോലി കനാൽ തടസ്സം നീക്കം | - 3.70 ലക്ഷം രൂപ |
| 3. ടൂറിസം അവയർനസ്സ് | - 1.20 ലക്ഷം രൂപ |
| 4. ടൂറിസം ക്ലബ്ബ് | - 1.82 ലക്ഷം രൂപ |

(സി) ഉണ്ട്.

യാത്രി നിവാസ്-ഗുരുവായൂർ

കേന്ദ്രവിഹിതം - 49,50,000 രൂപ

(ഡി) ഉണ്ട്.

(ഇ) 10 ലക്ഷം രൂപ.

(എഫ്) ഒരു ഹൗസ് ബോട്ട് ടൂറിസംവകുപ്പ് അനുവദിച്ചിട്ടുണ്ട്. ചെലവ് 8.45 ലക്ഷം രൂപ.

(ജി) പരിശോധിക്കാവുന്നതാണ്.

(എച്ച്) തൃശ്ശൂർ ജില്ലയുടെ അടിസ്ഥാന സൗകര്യം മുൻനിറുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഡൽഹി ആസ്ഥാനമായുള്ള കൺസൾട്ടൻസി എഞ്ചിനിയറിംഗ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിട്ടുണ്ട്.

## സമുദ്ര മത്സ്യസമ്പത്തിന്റെ ഏറ്റകുറച്ചിലുകളെ കുറിച്ച് പഠനം നടത്തുവാൻ നടപടി

**61 (1749)** ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സമുദ്ര മത്സ്യസമ്പത്തിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ ലഭ്യതയിൽ ഉള്ള ഏറ്റക്കുറച്ചിലുകൾ ശാസ്ത്രീയമായി അപഗ്രഥിക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly